LIBRARY ARCHIVES Kerala Legislative Assembly

കായംകുളം താപനിലയത്തിൽ നിന്ന് വൈദ്യുതി ലഭിക്കുന്നത് സംബന്ധിച്ച കരാർ

5 [*44] ശ്രീ. എം. എ. വാഹീദ്:
" പി. ടി. തോമസ്:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപനിലയത്തിൽ നിന്ന് വൈദ്യുതി ലഭിക്കുന്നത് സംബന്ധിച്ച കരാർ പുതുക്കുവാൻ ധാരണയായോ;

(ബി) ഏതെല്ലാം വ്യവസ്ഥകളിലാണ് കരാർ പുതുക്കുന്നത്;

(സി) ഈ കരാർ പുതുക്കുമ്പോൾ എൻ.ടി.പി.സി.-യിൽ നിന്ന് എത്ര താപവൈദ്യുതി സംസ്ഥാനത്തിന് കുറഞ്ഞ വിലയ്ക്ക് പ്രതിദിനം കിട്ടുമെന്ന് വെളിപ്പെടുത്തുമോ; അതിന്റെ വിലയെന്താകും;

(ഡി) എൻ.ടി.പി.സി. തരുന്ന കുറഞ്ഞ വിലയ്ക്കുള്ളതൊഴിച്ചുള്ള വൈദ്യുതിയുടെ വിലയെന്താണ്?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ധാരണയായിട്ടുണ്ട്.

(ബി) 8-1-95-ൽ ഒപ്പുവച്ച 28-2-2005 കാലയളവ് വരെയുള്ള വൈദ്യുതി വാങ്ങൽ കരാർ 1-3-2005 മുതൽ 2 വർഷത്തേയ്ക്കോ LNG ടെർമിനൽ സ്ഥാപിച്ച് LNG ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദനം ആരംഭിക്കുന്നതുവരെയോ ഏതാണ് ആദ്യം നടപ്പിലാക്കുന്നത് അതുവരെ പദ്ധതിയുടെ മുഴുവൻ ഉൽപ്പാദനം (360 MW) താഴെ പറയുന്ന നിബന്ധനകളോടുകൂടി പുതുക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

1. താൽച്ചർ താപനിലയത്തിൽ നിന്നും K.S.E.B.-യ്ക്ക് അനുവദിച്ച 180 MW-ന്റെ വില കുറഞ്ഞ വൈദ്യുതി പുതുക്കിയ കരാറിന്റെ കാലാവധിയോളം തുടരുക.

2. 180 MW വൈദ്യുതി തമിഴ്നാടിന് താല്ക്കാലികമായി നൽകുന്നത് പുതുക്കിയ വൈദ്യുതി വാങ്ങൽ കരാറിന്റെ കാലാവധിയോളം തുടരുക.

(സി) ഉദ്ദേശം 3.45 MU വൈദ്യുതി പ്രതിദിനം കുറഞ്ഞ വിലയ്ക്ക് താൽച്ചർ താപനിലയത്തിൽ നിന്ന് ലഭിക്കും. ഈ വൈദ്യുതി കേരളത്തിലെത്തുമ്പോൾ ഒരു യൂണിറ്റിന് 1 രൂപ 70 പൈസയോളം വരും.

(ഡി) ഇപ്പോഴത്തെ നാഫ്ത്തയുടെ വിലയനുസരിച്ച് NTPC കായംകുളത്തു നിന്നുള്ള വൈദ്യുതിയുടെ വില യൂണിറ്റിന് (ഫിക്സഡ് ചാർജും വേരിയബിൾ ചാർജും ഉൾപ്പെടെ) 6.76 രൂപയാണ്.